കെ.എസ്.എ.കെ.ടി.എം. പി.4/1512/16 തീയതി: 24.10.16

# കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ

# 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ **2015-16**സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.15 മുതൽ 17.9.16 വരെയുള്ള കാലയളവിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.09.2016- 30.09.2016 |
| ഉദ്യോഗസ്ഥർ | ശ്രീമതി.സുലത.ഡി, ഓഡിറ്റ് ഓഫീസർ<br>ശ്രീ. രതീഷ്.സി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.മനു.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. റെജി ജോസഫ് | 01.04.2015-31.10.2015 |
| | ശ്രീ.ചെറിയാൻ മാത്യു | 09.11.2015-31.03.2016 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | | 01.11.2015-08.11.2015 |
| സെക്രട്ടറി | ശ്രീ.റ്റി.എം.ആന്റണി<br>ശ്രീ.അൻസു ഒ.എ(സെക്രട്ടറി-ഇൻ-ചാർജ്)<br>ശ്രീ.കെ.ആർ.രാധാകൃഷ്ണൻ | 01.04.2014-17.11.2015<br>18.11.2015-04.01.2016<br>05.01.2016-31.03.2016 |

| | | |
|---|---|---|
| | | |

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

| | | |
|---|---|---|
| വികസനകാര്യം | സീന സജി<br>സെലീമാ സിബി | 01.04.2015-31.10.2015<br>09.11.2015-31.03.2016 |
| ക്ഷേമ കാര്യം | സാംകുമാർ വി<br>ജിനി ജോജി | 01.04.2015-31.10.2015<br>09.11.2015-31.03.2016 |
| ആരോഗ്യ/ വിദ്യാഭ്യാസം | ബിൻസി സിറിയക്<br>ബിനോയി പി ചെറിയാൻ | 01.04.2015-31.10.2015<br>09.11.2015-31.03.2016 |
| ധനകാര്യം | മുരളി വേങ്ങത്ത്<br>ജെസ്സി മാത്യു | 01.04.2015-31.10.2015<br>09.11.2015-31.03.2016 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ഡോളിമോൾ പി. ജോർജ് | 01.04.2015-31.03.2016 |
| വി.ഇ.ഒ | ലേഖ എസ് തമ്പി<br>ലിഷ പി ജോസ് | 01.04.2015-31.03.2016<br>01.04.2015-31.03.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീലത സി കെ | 01.04.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | ഡോ.വിമി ഇക്ബാൽ | 01.04.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ , ആയുർവേദം | ഡോ.ആശാമോൾ റ്റി സി<br>ഡോ.ജിയോ | 01.04.2015-06.10.2015<br>07.10.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | ഡോ.ഗീതാ ശ്രീനിവാസൻ | 01.04.2015-31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജൂലി ജോസ് | 01.04.2015-31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അൻസു ഒ.എ | 01.04.2015-31.03.2016 |
| കൃഷി ഓഫീസർ | മിനി എസ് തമ്പി | 01.04.2015-31.03.2016 |
| അസിസ്റ്റന്റ് | സനീഷ് കെ ബി | 01.04.2015-31.03.2016 |

| | | |
|---|---|---|
| എൻജിനീയർ | | |
| ഹെഡ്മാസ്റ്റർ , ഗവ. എൽ.പി.എസ്. കാണക്കാരി | ലിസി ഏബ്രഹാം | 1.4.15-31.3.16 |

ഉള്ളടക്കം


| ഭാഗം **1**<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |
| ക്ഷേമപദ്ധതികൾ | 1-8 |
| ആഭ്യന്തരനിയന്ത്രണം | 1-9 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ക്യാഷ് വെരിഫിക്കേഷൻ | 1-11 |
| ഭാഗം **2**<br>വരവുകണക്കുകൾ | |
| വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 2-2 |
| മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനനികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ല | 2-3-1 |
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായതിലും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 2-3-2 |
| വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഗാർഹിക വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ചു | 2-3-3 |

| | |
|---|---|
| ലേലം | 2-4 |
| ഭാഗം **3**<br>ചെലവുകണക്കുകൾ | |
| തുക അടവാക്കിയ തിന്റെ രസീത് ഹാജരാക്കിയില്ല.20500/-രൂപയുടെ ചെലവുതടസ്സപ്പെടുത്തുന്നു | 3-1 |
| ഹെഡ്മിസ്ട്രസ് ഗവ. എൽ പി എസ് കാണക്കാരി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതി- അപാകതകൾ | 3-2 |
| വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-3 |
| വി ഇ ഒ നടപ്പാക്കിയ പദ്ധതികൾ– പൊതു അപാകതകൾ | 3-4 |
| പഞ്ചായത്ത് നടപ്പാക്കുന്ന വിവിവധ ഭവനനിർമ്മാണപദ്ധതികളുടെ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു | 3-5 |
| പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ ചിലവഴിക്കാതെ അവശേഷിക്കുന്നു | 3-6 |
| ഭാഗം **4**<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 20.03.2015തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ്

പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 13101807 | 20352730 | 7250923 | |
| വരവ് | 115265050 | 35092528 | | 80172522 |
| ആകെ | 128366857 | 55445258 | | 72921599 |
| ചെലവ് | 115429272 | 42022997 | | 73406275 |
| നീക്കിയിരിപ്പ് | 12937585 | 13422261 | 484676 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 31.07.2016 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 24.09.2016 | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20352730 |
| വരവ് | 35092528 |
| ആകെ | 55445258 |
| ചെലവ് | 42022997 |
| നീക്കിയിരിപ്പ് | 13422261 |

## 1-5 ഫണ്ട് വിനിയോഗം

19/09/2015ലെ ജി.ഒ.(പി)/419/2015/ഫിൻ പ്രകാരം 2015-16 വർഷം വി.പി.എഫ്.എ-II(ബി), II(സി), IV, V എന്നിവ ക്ലോസ് ചെയ്ത് പ്രസ്തുത അക്കൗണ്ടുകളിൽ 31/10/2015 ൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകകൾ വി.പി.എഫ്.എ.-II(എ)-യിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനും പ്രസ്തുത തുക ഉൾപ്പെടെ വികസന ഫണ്ട് ജനറൽ വിഭാഗത്തിന് ഉപയോഗിക്കുന്നതിനും ടി തുക പൂർണ്ണമായും തീരുന്ന മുറയ്ക്ക് ആവശ്യമായ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്നതിനും നിർദേശിച്ചിരുന്നു. കൂടാതെ വി.പി.എഫ്.എ.-III-യിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക പൂർണ്ണമായും തീരുന്ന മുറയ്ക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽ പിൻവലിക്കുന്നതിനും അനുവദിച്ചിരുന്നു. ആയതിനാൽ 2015-16 വർഷം ബജറ്റ് വിഹിതമായി സർക്കാർ അനുവദിച്ച തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും, ട്രഷറിയിൽ നിന്നും സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഫണ്ട് വിനിയോഗ സ്റ്റേറ്റ്മെന്റിലും മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു. വാർഷിക ധനകാര്യപത്രികയിലെ RP-31 ഷെഡ്യൂളിൽ ഉൾപ്പെടുന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥരുടെ റിക്വിസിഷൻ പ്രകാരം പിൻവലിച്ച തുക മാത്രമാണ്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ട്രഷറി സ്റ്റേറ്റ്മെന്റ്, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുമുള്ള ഗ്രാന്റ് അലോക്കേഷൻ എന്നീ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഫണ്ടുകളുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | | ആകെ | സ്പിൽ ഓവർ വിഹിതം | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|---|---|
| | | | | പബ്ലിക് അക്കൗണ്ടിൽ നിന്ന് | കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1075844+ 65263 (ബ്ലോക്ക് വിഹിതം) | 7344958+ 47,20,374 (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ലഭിച്ചത്) | 13206439 | 5861481 | 2266195 | 8127676 | 5078763 | 61.5 |
| വികസനഫണ്ട് എസ്.സി.പി. | 2030143 | 2694000 | 4724143 | ------ | 3186698 | 3186698 | 1537445 | 67 |
| വികസനഫണ്ട് ടി.എസ്.പി. | 138340 | 142000 | 280340 | 64000 | 216340 | 280340 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1047300 | 9229000 | 10276300 | 1047300 | 7910626 | 8957926 | 1318374 | 87 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 568566 | 2379000 | 2947566 | 568566 | 1538341 | 2106907 | 840659 | 72 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 552343 | 1991611+ 1647289 | 4191243 | 2199632 | 1954041 | 4153673 | 37570 | 99 |
| പെർഫോമൻസ് ഗ്രാന്റ് | 2000459 | 2000459 | 4000918 | 2000459 | 1839986 | 3840445 | 160473 | 96 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 47286160 | 139 | 31933733 | 10 | 11 | 87 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2015/DPC/DPO/KTM തീയതി 15.07.2016പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 06.12.2014 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 28.12.2014, 04.01.2015, 03.02.2015, തീയതികളിലും വികസനസെമിനാർ 21.02.2015തീയതിയിലും കൂടിയിട്ടുണ്ട്.

വാർഷിക പദ്ധതി- നേട്ടങ്ങളും, കോട്ടങ്ങളും

നേട്ടങ്ങൾ

- പാലിയേറ്റീവ് കെയർ പദ്ധതിക്ക് 4,36,500രൂപ ചെലവഴിച്ചു
- ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 5,00,000 രൂപ ചെലവഴിച്ചു.
- പട്ടികജാതി മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് 3,25,000 ചെലവഴിച്ചു.
- കാണക്കാരി ഗവ: എൽ പി സ്കൂൾ നവീകരണത്തിന് 3,96,009 രൂപ ചെലവഴിച്ചു.

കോട്ടങ്ങൾ

- തനത് ഫണ്ട് അടങ്കൽ 74,33,198 രൂപ ഉണ്ടായിരുന്നു, എന്നാൽ ചെലവ് 32% മാത്രമാണ്.
- പൈക്ക പദ്ധതി പ്രകാരം 3,70,000 രൂപ ലഭ്യമായെങ്കിലും പദ്ധതി നടപ്പാക്കിയില്ല.
- എസ് സി കോളനികളുടെ അടിസ്ഥാനസൗകര്യവികസനത്തിന് ആവിഷ്കരിച്ച പദ്ധതികൾ നടപ്പാക്കിയില്ല.

## 1-7 തനത് വരുമാനം

2014-15 വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വ്യതിയാനം ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4274685 | 3226182 | 1048503 |
| നികുതിയേതര വരവുകൾ | 74325 | 588789 | 514464 |
| മറ്റുവരവുകൾ | 795470 | 55713 | (-)739757 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 125400 | 76 |
| കർഷകതൊഴിലാളി പെൻഷൻ | 3521460 | 451 |
| വിധവാപെൻഷൻ | 4390320 | 466 |
| വാർദ്ധക്യകാലപെൻഷൻ | 7895640 | 976 |
| വികലാംഗപെൻഷൻ | 2301300 | 234 |
| അവിവാഹിത പെൻഷൻ | 444680 | 46 |
| വിവാഹധനസഹായം | 210000 | 8 |

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ് എന്നാൽ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ തപ്തികരമായി സ്റ്റോക്കിലെടുക്കുകയും ക്രമമായി സ്റ്റോക്ക് എൻട്രി വരുത്തുകയും സ്റ്റോക്ക് നമ്പർ ഉപകരണത്തിൽ രേഖപ്പെപെടുത്തുകയും ചെയ്തിട്ടില്ല. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക,

കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ലൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയും, വൗച്ചറുകൾ ക്രമമായി ബൈന്റ് ചെയ്ത് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2016 | 08/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.08.2016-19.08.2016 | 2011-12-2015-16 | ലഭിച്ചിട്ടില്ല |

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധ 29/09/2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 77851 /-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

(1)26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

(2) നികുതി/നികുതിയേതര വരവിന്റെ യഥാർത്ഥ കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല- ആയുർവേദ ആശുപത്രി കോമ്പൗണ്ടിലെ വൃക്ഷങ്ങളുടെ മേലാദായം, പി എച്ച് സി കോമ്പൗണ്ടിൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം എന്നീ വരവിനങ്ങളിൽ 2015-16 വർഷത്തിൽ ലഭിക്കുവാനുള്ള തുകക്ക് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ടിയിനത്തിലുള്ള കുടിശ്ശികയുടെ കണക്ക് വാർഷിക ധനകാര്യപത്രികയിൽ ലഭ്യമല്ല.

## 2-2 രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2014 -15 വർഷം, ഉണഭോക്തൃവിഹിതം പിരിയ്ക്കുന്നതിനായി വെറ്ററിനറി സർജന് ഇഷ്യൂ ചെയ്ത താഴെപ്പറയുന്ന നമ്പറുകളിലുള്ള രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | രസീത് ബുക്ക് നം | ഇഷ്യൂ ചെയ്ത തീയ്യതി |
|---|---|---|
| 1 | 40488 | 01.10.2014 |
| 2 | 40489 | 10.10.2014 |
| 3 | 40490 | 11.12.2014 |

രസീത് പരിശോധനക്ക് ലഭ്യമാക്കിയ ഡെയ് ലി കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ, ടി രസീതുകൾ പ്രകാരം ആകെ 1,02,000 പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ളതായും, തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതായും കണ്ടു(രസീത് നം.11403101728/15.10.14- 97716 രൂപ, രസീത് നം.11403103390/27.12.14- 4284 രൂപ). രസീതു ബുക്കുകൾ അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-3-1 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ല

ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ, 14.1.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 500/- രൂപയായി പരിഷ്കരിച്ചിട്ടുണ്ടെങ്കിലും(ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.01.2012 ലെ എ2-5323/11 നമ്പർ വിജ്ഞാപനം)
പ്രസ്തുത നിരക്കിൽ ആയവ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ് നം / കെട്ടിട നം., സ്ഥലം | വസ്തുനികുതി നിർണ്ണയിച്ച വർഷം | ടവർ സ്ഥാപിച്ചിരിക്കുന്ന കമ്പനിയുടെ പേരും വിലാസവും | ടവർ സ്ഥാപിച്ചതു മുതൽ നാളിതു വരെ പരിപാലിക്കുന്ന കമ്പനികളുടെ വിവരം | ടവറിനു വേണ്ടി ഉപയോഗിക്കുന്ന സ്ഥല വിസ്തീർണ്ണം (ച.മീ) | ചുമത്തിയ വസ്തുനികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|---|---|
| 1 | 7/249 | 2009 -10 | റിലയൻസ് ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ് | റിലയൻസ് ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ് | 25 | 11250 | 2010 -11 മുതൽ |
| 2 | 8/401 | ലഭ്യമല്ല | ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് (എയർസെൽ) | റിലയൻസ് ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ് | 25 | 13750 | 2010-11 മുതൽ (2009-10 വരെയുള്ളത് ഈടാക്കിയിട്ടുണ്ട്. |
| 3 | 10/27 | 2007 -08 | ഭാരതി എയർടെൽ ലിമിറ്റഡ് | ഭാരതി എയർടെൽ ലിമിറ്റഡ് | 18 | 8100 | 2013 -14 മുതൽ |
| 4 | 11/274 | 2007 -08 | ഭാരതി എയർടെൽ ലിമിറ്റഡ് | ഭാരതി എയർടെൽ ലിമിറ്റഡ് | 10 | 6000 | 2011 -12 മുതൽ |

പ്രസ്തുത ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി, വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-3-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായതിലും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

കാണക്കാരി ഗ്രാമപഞ്ചായത്തിൽ അന്തിമമായി വിജ്ഞാപനം ചെയ്തിട്ടുള്ള വസ്തുനികുതി നിരക്കുകൾ(18.01.2012 ലെ എ 2-5323/11 വിജ്ഞാപനം) പ്രകാരം 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ച.മീറ്ററിന് 50 രൂപയാണ്. എന്നാൽ 2015-16 വർഷം വസ്തുനികുതി നിർണ്ണയിച്ച ചുവടെ ചേർക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അവർക്ക് ബാധകമായതിലും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതായും, ഇതു കാരണം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായതായും കാണുന്നു, വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | കെട്ടിട നം, കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം(ച.മീ) | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | IX/151 A- ഷൈലജ കെ, കളപ്പുരയിൽ, കാണക്കാരി | 118.30 | 3549(ച മീറ്ററിന് 30/- രൂപ,കുറഞ്ഞതരം മേൽക്കൂരക്ക് ഇളവ് 10%, മേഖല ഇളവ്10%, വഴിസൗകര്യത്തിന് വർദ്ധനവ് 20%) | 5915(ച മീറ്ററിന് 50/- രൂപ,കുറഞ്ഞതരം മേൽക്കൂരക്ക് ഇളവ് 10%, മേഖല ഇളവ് 10%, വഴിസൗകര്യത്തിന് വർദ്ധനവ് 20%) | 2366 |
| 2 | XV/447 B- കെ ജി | 152.31 | 5210(ച മീറ്ററിന് 30/- രൂപ,ബഹുനില | 9596(ച മീറ്ററിന് 50/- രൂപ,ബഹുനില | 4386 |

| | | | | | |
|---|---|---|---|---|---|
| | ചന്ദ്രശേഖരൻ, കളപ്പുരക്കൽ, കാണക്കാരി | | വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%, വഴിസൗകര്യം വർദ്ധനവ് 20%) | വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%, വഴിസൗകര്യം വർദ്ധനവ് 20%) | |
| | ആകെ | | | | 6752 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10)പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3-3 വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഗാർഹിക വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ചു

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് പരിശോധന നടത്തിയതിൽ, ജി.ഒ.(പി)/20/2011 തസ്വഭവ, 14.01.2011, ജി.ഒ.(പി)88/2013 തസ്വഭവ, 13.03.2013 എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയിച്ചപ്പോൾ 2015-16 വർഷം പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ (ച.മീറ്ററിന് 5 രൂപ) വസ്തുനികുതി പുനർനിർണ്ണയിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട നം., കെട്ടിട ഉടമയുടെ പേര് | വ്യാപാരിയുടെ പേര്, വ്യാപാര സ്ഥാപനം | വിസ്തീർണ്ണം (ച.മീ.) | നിലവിലുള്ള വസ്തുനികുതി (രൂപ) | പുനർനിർണ്ണയിച്ച വാർഷിക വസ്തുനികുതി (ച.മീറ്ററിന് 5 രൂപ നിരക്കിൽ) |
|---|---|---|---|---|---|
| 1 | 9/239, എം എൻ ഗോപാലകൃഷ്ണൻ നായർ | കെ എസ് ഗോപകുമാർ, ഡ്രൈ കോൺ ഇൻഡസ്ട്രീസ് | 120 | 52 | 240 |
| 2 | 14/257, മേരി തോമസ്, പാറയിൽ | മാത്യു തോമസ്, പാറയിൽ ഫർണ്ണിച്ചർ | 48 | 26 | 192 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13)പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 ലേലം

2015-16 വർഷം ആയുർവ്വേദ ആശുപത്രി കോമ്പൗണ്ടിലെ തെങ്ങുകളുടെ മേലാദായം, പി എച്ച് സി കോമ്പൗണ്ടിൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം എന്നിവ ലേലത്തിൽ കൊണ്ട വ്യക്തികൾ ഇ എം ഡി ഉൾപ്പെടെ ലേലത്തുകയുടെ 50% മാത്രമാണ് ഒടുക്കിയിട്ടുള്ളത് .

| ഇനം | ലേലം കൊണ്ട വ്യക്തി | ലേലത്തുക | ഒടുക്കിയ തുക, തീയതി | കുടിശ്ശിക |
|---|---|---|---|---|
| ആയുർവ്വേദ ആശുപത്രി കോമ്പൗണ്ടിലെ തെങ്ങുകളുടെ മേലാദായം | ലാലു സെബാസ്റ്റ്യൻ, വെള്ളാരംകാലായിൽ | 3250 | ഇ എം ഡി- 500- രസീത് നം 11403104884/16.3.15<br>സെക്യൂരിറ്റി ഡെപ്പോസിറ്റ്-1125 രസീത് നം 11403104886/16.3.15 | 1625 |
| പി എച്ച് സി കോമ്പൗണ്ടിൽ കൃഷി | മാത്യു ജോസഫ്, കുതിരവട്ടത്തിൽ | 6900 | ഇ എം ഡി- 1000 രസീത് നം 11403104887/16.3.15<br>സെക്യൂരിറ്റി ഡെപ്പോസിറ്റ്-2450 രസീത് നം 11403104926/17.3.15 | 3450 |

| ആകെ | | | | 5075 |
|---|---|---|---|---|

ലേല വ്യവസ്ഥ പ്രകാരം ലേലം പഞ്ചായത്ത് അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ബാക്കി തുക മുഴുവനും രൊക്കം പണമായി പഞ്ചായത്ത് ഓഫീസിൽ ഒടുക്കി കരാറിൽ ഏർപ്പെടേണ്ടതും അല്ലാത്ത പക്ഷം ടിയിനത്തിൽ പഞ്ചായത്തിൽ കെട്ടിവെച്ച മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി ലേലക്കാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം നടത്തേണ്ടതുമാണ് എന്നുമാണ്. ലേല വ്യവസ്ഥ ലംഘിച്ചതിന് നടപടി സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് ഫണ്ടിന് നഷ്ടം സംഭവിച്ചു. തൻവർഷം ഇവ ലേലം ചെയ്തിട്ടില്ല. സെക്യൂരിറ്റി നിക്ഷേപം, ഇ എം ഡി എന്നീ ഇനങ്ങളിൽ ഈടാക്കിയ തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും കുടിശ്ശിക തുക പലിശ സഹിതം അടിയന്തിരമായി ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എന്ക്വയറി നം 17ന് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തുക അടവാക്കിയ തിന്റെ രസീത് ഹാജരാക്കിയില്ല.10500/-രൂപയുടെ ചെലവുതടസ്സപ്പെടുത്തുന്നു.

ഓണം അഡ്വാൻസ്, ബാങ്ക് ലോൺ എന്നീയിനങ്ങളിൽ വിവിധ സ്ഥാപനങ്ങളിൽ അടവാക്കുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽഅടവാക്കിയ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കിയ രേഖകളുടെ അഭാവത്തിൽ 10500/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽനമ്പർ | തുക | അടവാക്കേണ്ട സ്ഥാപനം | ഇനം |
|---|---|---|---|
| 296/24-7-15 | 3500/- | ജില്ലാസഹകരണബാങ്ക്,കോട്ടയം | ഓഫീസ്അറ്റൻഡൻറ് ശ്രീ.രാജേഷിന്റെ 6/16-ലെ ശമ്പളത്തിൽനിന്നും റിക്കവറി നടത്തിയ തുക |
| 297/24-7-15 | 3000/- | കേരള സ്റ്റേറ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ(എസ്.സി/എസ്.റ്റി.) | ,, |
| 298/24-7-15 | 2000/- | ,, | ,, |
| 471/23-9-15 | 2000/- | ,, | ശ്രീ.രാജേഷിന്റെ 8/16-ലെ ശമ്പളത്തിൽനിന്നുമുള്ള റിക്കവറി തുക |

പട്ടികയിൽ കാണിച്ചിട്ടുള്ള റിക്കവറിതുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കിയതിന്റെ രസീത് ഹാജരാക്കി ഓഡിറ്റ്തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-2 ഹെഡ്മിസ്ട്രസ് ഗവ. എൽ പി എസ് കാണക്കാരി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതി- അപാകതകൾ– ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ: എസ് 037/16

പ്രോജക്ട്: വെമ്പള്ളി യു.പി.എസ് ഓഡിറ്റോറിയം ഫർണിച്ചർ വാങ്ങൽ

ഈ പദ്ധതി പ്രകാരം വെമ്പള്ളി ഗവ. യു.പി.സ്കൂൾ ഓഡിറ്റോറിയത്തിലേക്കായി 156 പ്ലാസ്റ്റിക്ക് കസേരകൾ (പ്ലാസ്റ്റിക്ക് ആം ചെയർ – 130 എണ്ണം, പ്ലാസ്റ്റിക്ക് ആംലെസ് കസേരകൾ– 26 എണ്ണം) സിഡ്കോ ട്രേഡ് സെന്റർ തിരുവനന്തപുരം ൽ നിന്ന് നിന്ന് വാങ്ങിയിട്ടുണ്ട്. 23.11.13 ലെ ജി.ഒ.(ആർ.ടി.) 64/2013/എസ്.പി.ഡി., 19.12.09 ലെ ജി.ഒ.(ആർ.ടി.) 52/09/എസ്.പി.ഡി. എന്നീ ഉത്തരവുകളിൽ സിഡ്കോയിൽ നിന്ന് സ്റ്റീൽ ഫർണിച്ചർ, മരഫർണിച്ചർ എന്നിവ ടെൻഡർ നടപടികൾ കൂടാതെ വാങ്ങാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്ലാസ്റ്റിക്ക് കസേരകൾ ടെൻഡർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലില്ല. 1.3.16 ൽ കൂടിയ ഗ്രാമപഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയും സിഡ്കോ, ആർട്കോ എന്നീ സ്ഥാപനങ്ങളിൽ നിന്ന് കസേരകൾ വാങ്ങുന്നതിനാണ് തീരുമാനമെടുത്തത്. കമ്മിറ്റി പൊതുവിപണിയിൽ കുറഞ്ഞ നിരക്കിൽ ഇവ ലഭ്യമാണോ എന്ന് പരിശോധിച്ചതായി കാണുന്നില്ല. ആയതിനാൽ ഡി.ഡി. നമ്പർ 751954/17.12.15 പ്രകാരം സിഡ്കോയ്ക്ക് നൽകിയ ഒരു ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-3 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. പ്രോജക്ട് നമ്പർ: എസ്. 015/16 കന്നുകുട്ടി പരിപാലനം- വനിത

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ 52 ഗുണഭോക്താക്കളുടെ കന്നുകുട്ടികളെ എൻറോൾ ചെയ്തതിന്റെ ഗ്രാമപഞ്ചായത്ത് വിഹിതമായ 325000 രൂപ ഡി.ഡി. നമ്പർ 754408/31.3.16 പ്രകാരം എസ്.എൽ.ബി.പി. അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിരുന്നു. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട 52 ഗുണഭോക്താക്കളുടെ ലിസ്റ്റ്, കന്നുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ വിശദാംശങ്ങൾ, എൻറോൾ ചെയ്ത ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നമ്പർ 11/15-16/28.9.16 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 325000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

2. പ്രോജക്ട് നമ്പർ എസ് 048/16 കാലിത്തൊഴുത്ത്- വനിത

ഈ പ്രോജക്ട് പ്രകാരം 14 ഗുണഭോക്താക്കൾക്ക് കാലിത്തൊഴുത്ത് നിർമിച്ചതിന്റെ സബ്സിഡിയായി 10000 രൂപ വീതം ആകെ 140000 രൂപ നൽകിയിട്ടുണ്ട്. 12-ാം പദ്ധതി പരിഷ്കരിച്ച മാർഗരേഖ അനുബന്ധം 16 ഖണ്ഡിക 3.2(7), അനുബന്ധം 1 ഖണ്ഡിക 2(iv) എന്നിവ പ്രകാരം പുതിയ തൊഴുത്ത് നിർമാണത്തിന് സബ്സിഡി അനുവദിക്കുമ്പോൾ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവേ നമ്പരിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്ററിനറി സർജൻ സർട്ടിഫൈ ചെയ്യണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ഫയലിൽ ഇപ്രകാരമൊരു സർട്ടിഫിക്കറ്റ് നിർവഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 11/15-16/28.9.16) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബിൽ നമ്പർ 09/15-16/29.3.10 രൂപ 90000, ബിൽ നമ്പർ 10/15-16/31.3.16 രൂപ 50000 പ്രകാരം ഈയിനത്തിൽ ചെലവഴിച്ച 140000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

3. പ്രോജക്ട് നമ്പർ എസ് 034/16- ആട് വളർത്തൽ – വനിത

ഈ പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്കുവേണ്ടി ആടുകളെ വാങ്ങിയ ഇനത്തിൽ ഗുണഭോക്തൃ വിഹിതമായ 50000 രൂപ (5000 രൂപ വീതം) ഉൾപ്പെടെ ആകെ 200000 രൂപ ചെലവഴിച്ചിട്ടുണ്ട്. 12-ാം പദ്ധതി പരിഷ്കരിച്ച മാർഗരേഖ അനുബന്ധം 16-3-2(2) പ്രകാരം ആട്ടു വളർത്തൽ പദ്ധതികളിൽ വാങ്ങുന്ന ആട്ടുകൾക്ക് കുറഞ്ഞത് 10 കി.ഗ്രാം. ഭാരമുണ്ടായിരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. കൂടാതെ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കൾ ഉൾപ്പെടെ 7 പേരടങ്ങുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടതെന്നും സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധിയും കൺവീനറായി നിർവഹണോദ്യോഗസ്ഥനും ഉൾപ്പടേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ മേൽ നിർദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. പർച്ചേസ് കമ്മിറ്റി റിപ്പോർട്ട് എന്നുള്ള സർട്ടിഫിക്കറ്റിൽ വെറ്ററിനറി സർജൻ മാത്രമാണ് ഒപ്പിട്ടിട്ടുള്ളത്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം 11/15-16/28.9.16) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്കായി ബിൽ നമ്പർ 02/15-16/30.1.16 രൂപ 40000, ബിൽ നമ്പർ 04/15-16/23.3.16 രൂപ 30000, ബിൽ നമ്പർ 08/15-16/29.3.16,രൂപ 15000, ബിൽനമ്പർ 03/15-16/29.2.16 രൂപ 65000 പ്രകാരം ചെലവഴിച്ച 150000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

4. പ്രോജക്ട് നമ്പർ: എസ് 047/16 – നാടൻ പശു വളർത്തൽ

ഈ പദ്ധതി പ്രകാരം 14 ഗുണഭോക്താക്കൾക്ക് നാടൻ പശുവിനെ വാങ്ങുന്നതിനായി സബ്സിഡിയായി 8000 രൂപ നിരക്കിൽ ആകെ 112000 രൂപ നൽകിയിട്ടുണ്ട്.

12-ാം പദ്ധതി പരിഷ്കരിച്ച മാർഗരേഖ അനുബന്ധം 1- ഖണ്ഡിക 2-1 പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലയിലെ പദ്ധതികളുടെ മുഖ്യലക്ഷ്യം പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നതായിരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾ വാങ്ങിയ പശുക്കളുടെ ശരാശരി പാൽ ഉത്പാദനം 1½-2 ലിറ്റർ വരെയാണെന്ന് വെറ്ററിനറി സർജൻ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ഉടമകൾ നൽകിയ വിലച്ചീട്ട് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പാൽ ഉത്പാദനം വർധിപ്പിക്കുക എന്ന പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിന് ഈ പ്രോജക്ട് മുഖേന സാധിക്കുകയില്ല എന്ന് വ്യക്തമാണ്. കോട്ടയം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 9.2.15 ലെ ഡി.1072/15/പ്ലാനിങ്ങ് നമ്പർ ഉത്തരവിലും (യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച ഉത്തരവ്) 10 ലിറ്റർ പാൽ പ്രതിദിനം നൽകുന്ന സങ്കരയിനം പശുക്കൾക്കാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി മാർഗരേഖ അനുബന്ധം 16 ഖണ്ഡിക 3-2(1) പ്രകാരം പശുക്കളെ വാങ്ങുന്നതിന് നിശ്ചയിച്ചിട്ടുള്ള പർച്ചേസിങ് കമ്മിറ്റിയുടെ റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. നാടൻ പശുക്കളെ വളർത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള പർച്ചേസിങ് കമ്മിറ്റിയുടെ റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. നാടൻ പശുക്കളെ വളർത്തുന്നതിന് ലക്ഷ്യമിട്ടിരുന്ന ഈ പദ്ധതി പ്രകാരം വാങ്ങിയ പശുക്കൾ കാസർഗോഡ് ഡ്വാർഫ് ഇനമാണെന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും പശുക്കളുടെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റിൽ ക്രോസ് ബ്രീഡ് വിഭാഗത്തിലുള്ള പശുക്കളാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ അപാകതകൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം. 11/15-16/28.9.16) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 112000 രൂപയുടെ (ബിൽ നമ്പർ 1/15-16 /30.1.16 രൂപ 48000 , ബിൽ നമ്പർ 5/15-16/23.3.16 രൂപ 56000, ബിൽ നമ്പർ 7/2015-16/29.3.16 രൂപ

8000) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വി ഇ ഒ കാണക്കാരി, കുറുമുള്ളൂർ എന്നിവർ നിർവഹണോദ്യോഗസ്ഥരായി നടപ്പാക്കിയ പദ്ധതികൾ– പൊതു അപാകതകൾ

വി.ഇ.ഒ. കാണക്കാരി, വി.ഇ.ഒ. കുറുമുള്ളൂർ എന്നിവർ നിർവഹണോദ്യോഗസ്ഥരായി നടപ്പാക്കിയ വീട് പുനരുദ്ധാരണം ( പ്രോജക്ട് നമ്പർ എസ് 030/16), പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജന്മശതാബ്ദി ഭവനനിർമാണം (പ്രോജക്ട് നമ്പർ എസ് 031/16 ), കക്കൂസ് നിർമാണം (പ്രോജക്ട് നമ്പർ എസ് 126/16) എന്നീ പദ്ധതികളുടെ നടത്തിപ്പിൽ 12-ാം പദ്ധതി മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള പല നിർദേശങ്ങളും (അനുബന്ധം 16 ഖണ്ഡിക 3-6) പാലിച്ചിട്ടില്ലെന്ന് കാണുന്നു.

1. ഭവനനിർമാണം , വീട് പുനരുദ്ധാരണം, സാനിട്ടറി യൂണിറ്റ് എന്നീ പദ്ധതികളുടെ ഗുണഭോക്താക്കളുടെ വരുമാനപരിധി 50000 രൂപയായിരിക്കുമെന്ന് മാർഗരേഖ അനുബന്ധം 1 ഖണ്ഡിക 3.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പല ഗുണഭോക്താക്കളുടെയും വരുമാനസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
2. വീട് പുനരുദ്ധാരണത്തിന് നിലവിലെ വീടിന്റെ പഴക്കം എട്ടു വർഷമെങ്കിലും കഴിഞ്ഞവർക്കുമാത്രമാണ് ധനസഹായത്തിന് അർഹതയുള്ളത്. വീടിന്റെ പഴക്കം സംബന്ധിച്ച് സാക്ഷ്യപത്രമോ റിപ്പോർട്ടോ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ഭവനനിർമാണപദ്ധതികളിൽ ഗുണഭോക്താക്കൾക്ക് നിലവിൽ വാസയോഗ്യമായ വീട് ഇല്ല എന്ന് നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. ഭവനനിർമാണപദ്ധതികളിൽ ഗുണഭോക്താക്കൾ നിർമിക്കുന്ന വീടിന്റെ വിസ്തീർണം 30-66 ച.മീ. അളവിൽ ആണെന്ന് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകുന്ന പെർമിറ്റ്/ എൻ.ഒ.സി.യുടെ പകർപ്പ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. നിർദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വിവധ ഭവനനിർമ്മാണപദ്ധതികളുടെ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു

ഇ.എം.എസ് ഭവനപദ്ധതി, എം എൻ ലക്ഷംവീട് ഭവനനിർമ്മാണ പദ്ധതി എന്നിവയിൽ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇ.എം.എസ് ഭവനപദ്ധതി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | കുട്ടപ്പൻ, ചാത്തൻമലയിൽ | 67500 | ഭിത്തിപ്പുറം |
| 2 | ജോസ്, ഓലിക്കര | 67500 | ഭിത്തിപ്പുറം |
| 3 | ജോസ്, പൂംമഗലം | 22500 | അടിത്തറ |
| 4 | ഏലിക്കുട്ടി, കുടിപറമ്പിൽ | 22500 | അടിത്തറ |
| 5 | ടി എസ് ലോറൻസ് | 52500 | ഭിത്തിപ്പുറം |
| 6 | എൽസമ്മ, തടത്തിൽപറമ്പിൽ | 22500 | അടിത്തറ |
| 7 | ഓമന പി എൻ, പൂവക്കുളത്ത് | 52500 | ഭിത്തിപ്പുറം |
| 8 | വർക്കി, മുകളേപ്പറമ്പിൽ | 67500 | ഭിത്തിപ്പുറം |

എം എൻ ലക്ഷംവീട് ഭവനനിർമ്മാണ പദ്ധതി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | സൂസമ്മ, വെമ്പള്ളി ലക്ഷംവീട് | 67500 | ഭിത്തിപ്പുറം |
| 2 | അന്നമ്മ ദേവസ്യ, കല്ലമ്പാറ ലക്ഷംവീട് | 67500 | ഭിത്തിപ്പുറം |
| 3 | ഗ്രേസി മാധവൻ, കല്ലമ്പാറ ലക്ഷംവീട് | 67500 | ഭിത്തിപ്പുറം |

| | | | |
|---|---|---|---|
| 4 | കുഞ്ഞമ്മ, കല്ലമ്പാറ ലക്ഷംവീട് | 90000 | ഭിത്തിപ്പറം |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുവാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്. എം എൻ ലക്ഷംവീട് ഭവനനിർമ്മാണ പദ്ധതിക്ക് വേണ്ടി ആരംഭിച്ചിട്ടുള്ള സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ(കാണക്കാരി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം.6291) ഓഡിറ്റ് വേളയിൽ 26,116 രൂപയും പ്രസിഡന്റ്, വി ഇ ഒ എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ(കാണക്കാരി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം.6741) 148395 രൂപയും നീക്കിയിരിപ്പുണ്ട്. ഗുണഭോക്താക്കളുടെ ഭവനനിനിർമ്മാണം പൂർത്തിയായ ശേഷം ബാക്കി നിൽക്കുന്ന തുകകൾ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് തിരികെ നൽകേണ്ടതാണ്.

## 3-6 പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ ചിലവഴിക്കാതെ അവശേഷിക്കുന്നു

മുൻവർഷങ്ങളിൽ പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച വിവധ ഫണ്ടുകൾ ചിലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് ഇനം | തുക |
|---|---|---|
| 1 | സമ്പൂർണ്ണ ശുചിത്വ യജ്ഞം | 14,330 |
| 2 | സർവ്വ ശിക്ഷാ അഭിയാൻ | 1,12,002 |
| 3 | പൈക്കാ | 3,70,000 |

പ്രസ്തുത തുകകൾ ഉപയോഗിക്കുവാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട ഏജൻസികൾക്ക് തിരികെ നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 2011-12 വർഷം വരെ ലഭിച്ച അനുപൂരക പോഷകാഹാര പരിപാടിയുടെ ബ്ലോക്ക് വിഹിതത്തിൽ നീക്കിയിരിപ്പ് ഉണ്ടായിരുന്നത് | 65263 | അനുപൂരക പോഷകാഹാര പരിപാടി | 65263 | ----- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻവർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻവർഷം സ്വീകരിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ഇ.എം.എസ്സ്-സമ്പൂർണ്ണ ഭവന പദ്ധതി | ജി.ഒ (ആർ.ടി.)നം. 725/2010 /ത.സ്വ.ഭ.വ, 04.03.2010 | 1,10,20,500 | 46,86,858 | ഇല്ല | 11,95,000 | | 34,91,858 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-8 | 15,207 | ജോമോൻ കെ ജെ | 11503100879/ 21.07.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3, 3-5 | 2009-10 | 2-8 | കെ.എസ്.ഇ.ബി നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | 30.09.2013 ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35092528 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42022997 |
| വരവിനങ്ങളിലുള്ള നഷ്ടം | 5075 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 837500 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-4 | 5075 | | ശ്രീ. ടി.എം. ആന്റണി (ടി. കാലയളവിലെ സെക്രട്ടറി), തൈക്കൽ കോട്ടേജ്, കെ.ആർ.പുരം പി.ഒ., ചേർത്തല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10500 | ശ്രീ. ടി.എം. ആന്റണി, സെക്രട്ടി |
| 3-2 | 100000 | ശ്രീമതി ലിസി ഏബ്രഹാം, ഹെഡ്മിസ്ട്രസ് |
| 3-3-1 | 325000 | ഡോ. ഡോളിമോൾ പി.ജോർജ്, വെറ്ററിനറി സർജൻ |
| 3-3-2 | 140000 | " |
| 3-3-3 | 150000 | " |
| 3-3-4 | 112000 | " |
| ആകെ | 837500 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.എം. ആന്റണി, സെക്രട്ടറി | വിരമിച്ചു | തൈക്കൽ കോട്ടേജ്, കെ.ആർ.പുരം പി.ഒ., ചേർത്തല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 97-98ചെലവ് | നം.എൽ.എഫ്.കെ.പി.2/347/99/10.05.99 /03.04.00 | 9 |
| 99-00 | നം.എൽ.എഫ്.കെ.പി.2/638/01/11.06.04 | 29 |

| | | |
|---|---|---|
| 98-99 ചെലവ് | നം.എൽ.എഫ്.കെ.പി.4/863/02/30.04.03 /11.07.03 | 26 |
| 00-01,01-02 | നംഎൽ.എഫ്.കെ.പി.8/32/04/15.05.04 /2.6.04 | 16 |
| 00-01 | നം.എൽ.എഫ്.കെ.പി.10/826/22.02.02 /07.03.07 | |
| 96-97 വരവ് | നം.എൽ.എഫ്.കെ.പി.10/1416/07/29.11.08 /5-02.09 | |
| 02-03ചെലവ് | നം.എൽ.എഫ്.കെ.പി.4/807/04/22.02.07 | 26 |
| 02-03ഡി.സി.ബി | നം.എൽ.എഫ്.കെ.പി.10/1423/07/29.11.08 /05.02.09 | 01 |
| 03-04 (ചെലവ്) | നം.എൽ.എഫ്.കെ.പി.10/120/06/06.11.07 | 14 |
| 03-04 (ഡി.സി.ബി) | നം.എൽ.എഫ്.കെ.പി.10/1424/07/29.11.08 /05.02.09 | |
| 04-05 | നം.എൽ.എഫ്.കെ.പി1/h2(7)/21.02.11 | 10 |
| 05-06 | നം.എൽ.എഫ്.കെ.പി1/h2(8)/21.02.11 | 6 |
| 06-07 | നം.എൽ.എഫ്.കെ.പി.4/403/16/19.04.16 | 11 |
| 07-08 | നം.എൽ.എഫ്.കെ.പി.4/402/16/19.04.16 | 4 |
| 08-09 | നം.എൽ.എഫ്.കെ.പി.4/401/16/19.04.16 | 3 |
| 09-10 | നം.എൽ.എഫ്.കെ.പി.4/400/16/19.04.16 | 3 |
| 10-11 | നം.എ.ൽ.എഫ്.കെ.പി.4/1525/13/06.12.13 | |
| 11-12 | നം.എൽ.എഫ്.കെ.പി.4/399/16/19.04.16 | 15 |

| | | |
|---|---|---|
| 12-13 | നം.എൽ.എഫ്.കെ.പി.4/118/14/08.09.15 | 23 |
| 13-14 | നം.എൽ.എഫ്.കെ.പി.4/1248/14/03.09.15 | 16 |
| 14-15 | കെ.എസ്.എ.കെ.ടി.എം.പി- 4/971/16, 14.7.16/21.7.16 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## <u>അനുബന്ധം-1</u>

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.കെ.ടി.എം പി4/1512/16 തീയതി: 24.10.16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം